പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3012 — 07.12.2018 ൽ മറുപടിയ്ക്ക്.

## ചെങ്ങന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സജി ചെറിയാൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) അന്താരാഷ്ട്ര പഠന കേന്ദ്രമായി ഉയർത്തിയിട്ടുള്ള ചെങ്ങന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.യിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് അക്കാഡമിക് തലത്തിലും അല്ലാതെയും നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഈ സ്ഥാപനം മികവിന്റെ കേന്ദ്രമാക്കുവാൻ എത്രനാൾ വേണ്ടിവരുമെന്നത് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (എ) യും (ബി)യും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ ഉദ്ദേശിക്കുന്ന ചെങ്ങന്നൂർ ഐ.ടി.ഐ.യിൽ അന്താരാഷ്ട്ര നിലവാരം കണക്കാക്കുന്നതിന് എന്തെല്ലാം സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്നത് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) കേരള ഇൻഫ്രാസ്ട്രക്ചർ & ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) പോർട്ടലിലേയ്ക്ക് അപ്-ലോഡ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് ചെങ്ങന്നൂർ ഐ.ടി.ഐ.യെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കും. ഇതു കൂടാതെ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ രാജ്യത്തെ 1396 സർക്കാർ ഐ.ടി.ഐ.കളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ചെങ്ങന്നൂർ ഐ.ടി.ഐ.-യെ 2007-2008 കാലയളവിൽ ഉൾപ്പെടുത്തിയിരുന്നു. ടി പദ്ധതിയുമായി ബന്ധപ്പെട്ട് ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റം, മെക്കാനിക് ഓട്ടോ/ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, മെക്കാനിക് ഡീസൽ, ഇലക്ട്രോണിക്സ് മെക്കാനിക്, ഫിറ്റർ എന്നീ ട്രേഡുകൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കാലാവധി 30 വർഷമാണ്. പ്രസ്തുത പദ്ധതിയും കിഫ്ബി പദ്ധതിയും പൂർണ്ണതയിലെത്തുന്നതോടെ ചെങ്ങന്നൂർ ഐ.ടി.ഐ.യെ മികവിന്റെ കേന്ദ്രമാക്കുന്ന നടപടികൾ പൂർത്തിയാകുന്നതാണ്. |

സെക്ഷൻ ഓഫീസർ